# ആയിരംപേർക്ക് പട്ടയം നൽകി മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിക്ക് തുടക്കം



**ജനസാഗരത്തിൽ മുഖ്യൻ...** മലബാർ ക്രിസ്ത്യൻ കോളേജിൽ നടന്ന ജനസമ്പർക്കപരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ജനങ്ങൾക്കിടയിൽ ചെന്ന് പരാതികൾ ചോദിച്ചറിയുന്നു

**കോഴിക്കോട്:** വർഷങ്ങളുടെ കാത്തിരിപ്പിന് വിരാമമായി ആയിരം പേർക്ക് പട്ടയവും ദുരിതാശ്വാസ സഹായവും നൽകിയ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ജനസമ്പർക്ക പരിപാടി ജനകീയമേളയായി. രോഗം തളർത്തിയ ശരീരവുമായി നിരാലംബരായി കഴിയുന്നവരുൾപ്പെടെ കണ്ണീരും പരിഭവവുമായി സഹായത്തിന്റെ കൈത്താങ്ങിനായി എത്തിയവരെ ആദ്യം സദസ്സിലേക്ക് ഇറങ്ങിവന്നുകണ്ട് മുഖ്യമന്ത്രി ആശ്വാസം പകർന്നു.

ഭരണവും ജനങ്ങളുംതമ്മിലുള്ള അകലം കുറയ്ക്കുകയാണ് ജനസമ്പർക്കപരിപാടികൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

പണിമുടക്കായിട്ടും ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്ന് രാവിലെത്തന്നെ ക്രിസ്ത്യൻകോളേജ് ഗ്രൗണ്ടിൽ പരാതിയും നിവേദനവുമായി സ്ത്രീകളുൾപ്പെടെ നൂറുകണക്കിന് ആളുകൾ എത്തിയതോടെ ജനസമ്പർക്കപരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം 10,000 പരാതികൾക്ക് പരിഹാര വേദിയായി.

2008 മുതൽ അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുന്ന ആയിരംപേർക്ക് ലാൻഡ് ട്രിബ്യൂണൽ പട്ടയവും 25 പേർക്ക് കൈവശരേഖയും കുന്ദമംഗലം നാല് സെൻറ് കോളനിയിൽ 30 പേർക്കും വടകരയിൽ 14 പേർക്കും പട്ടയവും നൽകി. ഈയ്യപ്പടി കോളനിയിലെ സോഫിയസക്കറിയയ്ക്ക് പട്ടയം നൽകി മുഖ്യമന്ത്രി പരിപാടിക്ക് തുടക്കമിട്ടു. ദേശീയ കുടുംബസഹായ പദ്ധതിയുടെ ധനസഹായവിതരണം, ദുരിതാശ്വാസധനസഹായം, പ്രൊഫഷണൽ കോഴ്സിന് പ്രവേശനം ലഭിച്ച 24 പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾക്ക് കമ്പ്യൂട്ടർ, മരംകയറ്റ തൊഴിലാളി ക്ഷേമനിധി ധനസഹായം തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ ചടങ്ങിൽവെച്ച് വിതരണം ചെയ്തു. ആകെ ലഭിച്ച 10,000 പരാതികളിൽ മൂവായിരത്തിൽ നേരത്തേതന്നെ ഉദ്യോഗസ്ഥർ പരിഹാരം കണ്ടിരുന്നു. ഇത് വിവിധ വകുപ്പുകളുടെ ഏഴ് കൗണ്ടറുകളിലൂടെ വിതരണം ചെയ്തു. ചികിത്സാസഹായം ഉൾപ്പെടെ വിവിധ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചവരുടെ, നേരിട്ട് മുഖ്യമന്ത്രിയെ കണ്ട് പരാതി പറയാനുള്ള നീണ്ട നിര വൈകുന്നേരം വരെ തുടർന്നു.

പണിമുടക്കായതിനാൽ ശനിയാഴ്ച നേരിട്ടെത്താൻ കഴിയാതിരുന്നവരുടെ പരാതികൾ ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ ഒമ്പതിന് ബുധനാഴ്ച പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ എ. പ്രദീപ്കുമാർ എം.എൽ.എ. അധ്യക്ഷത വഹിച്ചു. മന്ത്രി എം.കെ. മുനീർ, എം.കെ. രാഘവൻ എം.പി. എന്നിവർ മുഖ്യാതിഥികളായിരുന്നു. എം.എൽ.എ. മാരായ എ.കെ. ശശീന്ദ്രൻ, പുരുഷൻകടലുണ്ടി, ഇ.കെ. വിജയൻ, വി.എം. ഉമ്മർ, സി. മോയിൻകുട്ടി, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കാനത്തിൽ ജമീല, വിവിധ രാഷ്ട്രീയപ്പാർട്ടി പ്രതിനിധികൾ എന്നിവർ സംസാരിച്ചു. ജില്ലാ കളക്ടർ പി.ബി. സലീം സ്വാഗതം പറഞ്ഞു.

## ആനുകൂല്യവിതരണത്തിന് എല്ലാവർക്കും അവസരം

ജനസമ്പർക്ക പരിപാടിയിൽ പട്ടയം, കമ്പ്യൂട്ടർവിതരണം, കുടുംബസഹായവിതരണം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി വേദിയിലെ എല്ലാ ജനപ്രതിനിധികൾക്കും അവസരം നൽകി.

പട്ടയം ആദ്യം ഉമ്മൻചാണ്ടി നൽകിയശേഷം തുടർന്ന് എ. പ്രദീപ്കുമാർ എം.എൽ.എ.യോട് നൽകാൻ മുഖ്യമന്ത്രി ആവശ്യപ്പെട്ടു. തുടർന്ന് മന്ത്രി എം.കെ. മുനീർ, എം.എൽ.എ.മാരായ എ.കെ. ശശീന്ദ്രൻ, പുരുഷൻ കടലുണ്ടി, ഇ.കെ. വിജയൻ, വി.എം. ഉമ്മർ, സി. മോയിൻകുട്ടി, ജില്ലാപഞ്ചായത്ത് പ്രസിഡൻറ് കാനത്തിൽ ജമീല തുടങ്ങിയവരെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ മുഖ്യമന്ത്രി ക്ഷണിച്ചു.